(ഇ) ചെമ്പുകടവ്-1, 2000-ാം ആണ്ടോടുകൂടി കമ്മീഷൻ ചെയ്യാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

82 (991) അന്യ സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ :

ശ്രീ. വി.സി. കബീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വൈദ്യുതി ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള വ്യത്യാസം എത്രയെന്നറിയിക്കുമോ;

(ബി) ഉപഭോഗത്തിനനുസരിച്ച് വൈദ്യുതി ലഭ്യമാക്കാൻ നിലവിൽ എത്ര മെഗാവാട്ട് വൈദ്യുതി അന്യ സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്നുണ്ട്;

(സി) ഇതിലേക്ക് എത്രരൂപ ചെലവ് വരുന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ വൈദ്യുതി സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതിനുതകുന്ന മിനി ഹൈഡൽ പ്രോജക്റ്റുകൾ ഏതെങ്കിലും വിദേശ ഏജൻസികളുടെ സഹായത്തോടെ ആരംഭിക്കുവാൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1999 ഡിസംബറിലെ കണക്കനുസരിച്ച് ഉൽപ്പാദനവും ഉപഭോഗവും തമ്മിൽ പ്രതിദിനം ശരാശരി 8.73 മില്യൻ യൂണിറ്റ് വ്യത്യാസമുണ്ട്.

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്ന് വൈദ്യുതി വാങ്ങുന്നില്ല. സെൻട്രൽ ഗ്രിഡിൽ നിന്നും അർഹമായ വിഹിതം ലഭ്യമാക്കാൻ പര്യാപ്തമായ രീതിയിൽ നിയന്ത്രിച്ചാണ് ഉൽപ്പാദനം നടത്തുന്നത്.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചൈനയിലെ എച്ച്.ഐ.സി.-എൽ.എസ്.എച്ച്.പി.യുടെ സാങ്കേതിക സഹായത്തോടെ കേരളത്തിൽ 18 ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിൽ താഴെപ്പറയുന്ന നാല് പദ്ധതികൾ പൈലറ്റ് പ്രോജക്ടുകളായി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

1. ചെമ്പുകടവ് - 1
2. ചെമ്പുകടവ് - 11
3. ഉറുമി - 1
4. ഉറുമി - 11

LIBRARY ARCHIVES Kerala Legislative Assembly